بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 18.04.2025

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ഹിജ്റ വർഷം 7നും 8നും നടന്ന ചില സൈനിക നീക്കങ്ങൾ

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطَانِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ

نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ

عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തിരുനബി ചരിത്രത്തിന്റെ വെളിച്ചത്തിൽ മറ്റു ചില യുദ്ധ നീക്കങ്ങളെ സംബന്ധിച്ച് ഇന്ന് ഞാൻ വിവരിക്കുന്നതാണ്. ചരിത്രത്തിൽ ഹദ്റത്ത് ഉമർ ബിൻ ഖത്താബ്(റ)ന്റെ നേതൃത്വത്തിൽ തുർബയിലേക്ക് നിയോഗിക്കപ്പെട്ട സരിയയെ സംബന്ധിച്ചുള്ള പരാമർശവും കാണപ്പെടുന്നുണ്ട്. ഇത് ഹിജ്റ ഏഴാം വർഷം ശഅബാൻ മാസത്തിലായിരുന്നു. തിരുനബി(സ) ഹദ്റത്ത് ഉമർ ബിൻ ഖത്താബ്(റ)നെ തുർബയിലെ ഹവാദൻ ഗോത്രക്കാരുടെ അടുക്കലേക്ക് 30 ആളുകളോടൊപ്പം പറഞ്ഞയച്ചു. ഈ യുദ്ധനീക്കത്തിന് അയക്കാനുള്ള കാരണം നബി(സ)നു തുർബക്കാരിൽനിന്ന് ഇസ്‌ലാമിനെതിരെ ഗൂഢാലോചനകളെ സംബന്ധിച്ച് അറിയിപ്പ് ലഭിച്ചിരുന്നു. ഹദ്റത്ത് ഉമർ(റ) പുറപ്പെട്ട അറിയിപ്പ് ലഭിച്ചപ്പോൾ അവർ അവിടെനിന്നും ഓടിപ്പോവുകയാണ് ചെയ്തത്. ഹദ്റത്ത് ഉമർ ഈ പ്രദേശത്ത് എത്തിയെങ്കിലും അവിടെ ആരും ഉണ്ടായിരുന്നില്ല. അവിടെയുണ്ടായിരുന്ന അവരുടെ സമ്പത്തും വളർത്തു മൃഗങ്ങളെയും ഇവർ പിടിച്ചെടുക്കുകയുണ്ടായി. കാരണം ഈ നാട്ടിലെ ആളുകൾ കലാപകാരികളായിരുന്നു. (അങ്ങനെ സാധനസാമഗ്രികളുമായി) ഇവർ മദീനയിലേക്ക് തിരിച്ചു പുറപ്പെട്ടു.

മറ്റൊരു സരിയഃ ഫിദ്ക്കിലെ ബനൂ മർറ ഗോത്രത്തിലേക്ക് നിയോഗിക്കപ്പെട്ട ഹദ്റത്ത് ബശീർ ബിൻ സഅദിന്റേതാണ്. ഈ യുദ്ധനീക്കം ഹിജ്റ ഏഴാം വർഷം ശഅബാൻ മാസത്തിൽ ഹദ്റത്ത് ബശീർ ബിൻ സഅദിന്റെ നേതൃത്വത്തിലായിരുന്നു. ഈ യുദ്ധനീക്കത്തിന്റെ വിശദീകരണം ഇപ്രകാരമാണ്: നബി(സ) 30 സഹാബാക്കളോടൊപ്പം ഫിദ്ക്കിലെ ബനു മർറ ഗോത്രത്തിലേക്ക് പറഞ്ഞയച്ചു. ഒരു കാര്യം വ്യക്തമാക്കട്ടെ, ജനങ്ങൾ ഇസ്‌ലാമിനെതിരെ യുദ്ധത്തിനു പുറപ്പെടുന്നുവെന്ന് അറിയുമ്പോഴാണ് തിരുനബി(സ) ഇത്തരം ഉദ്യമങ്ങൾക്ക് അഥവാ യുദ്ധങ്ങൾക്ക് തയ്യാറായിരുന്നത്. ഏതായിരുന്നാലും സ്വഹാബാക്കൾ പുറപ്പെടുകയും ആടുമാടുകളെ മേയ്ക്കുന്ന ഇടയന്മാരെ കണ്ടുമുട്ടുകയും അവരോട് ബനൂ മർറക്കാരെ കുറിച്ച് അന്വേഷിക്കുകയുമുണ്ടായി. അവർ പറഞ്ഞു: ബനൂ മർറക്കാർ തങ്ങളുടെ താഴ്‌വരയിൽ തന്നെയുണ്ട് അരുവിയിലേക്ക് വന്നിട്ടില്ല. സ്വഹാബാക്കൾ അവരുടെ ആടുമാടുകളെ ആട്ടിത്തെളിച്ചുകൊണ്ട് മദീനയിലേക്ക് തിരിക്കുകയും ചെയ്തു. ബനൂ മർറക്കാരിലെ ഒരു വിളംബരപ്പെടുത്തുന്നയാൾ വിളിച്ചു പറഞ്ഞ് പ്രസ്തുത സംഭവത്തെപറ്റി അറിയിപ്പ് കൊടുക്കുകയുണ്ടായി. അങ്ങനെ ബനുമർറയിലെ ഓടിപ്പോയ ആളുകൾ തിരിച്ചുവരുകയും മുസ്‌ലീങ്ങൾക്കെതിരെ വലിയ സൈന്യവുമായ് വന്ന് ആക്രമണം നടത്തുകയും ചെയ്തു. രാത്രി മുഴുവൻ സ്വഹാബാക്കൾ അമ്പെയ്തുകൊണ്ടിരുന്നു. അങ്ങനെ അമ്പുകൾ തീർന്നുപോയി. രാവിലെ ബനൂ മർറക്കാർ മുസ്‌ലിങ്ങൾക്ക്മേൽ വീണ്ടും ആക്രമണം നടത്തി ഹദ്റത്ത് ബശീറിന്റെ കൂട്ടുകാരെ ശഹീദാക്കി. ഹദ്റത്ത് ബശീർ അവരുമായി ശക്തമായി യുദ്ധം ചെയ്തുകൊണ്ടിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ കണങ്കാലിന് പരിക്കേറ്റു വീണു. ബശീർ മരണപ്പെട്ടു എന്നാണ് കരുതിയത്. എന്നാൽ അദ്ദേഹം സുരക്ഷിതനായിരുന്നു. തുടർന്ന് ബനൂമർറക്കാർ, മുസ്‌ലീങ്ങൾ കൈക്കലാക്കിയ തങ്ങളുടെ ആടുമാടുകളെ വീണ്ടെടുത്തു തിരിച്ചുപോയി.

മറ്റൊരു സരിയഃ ഹദ്റത്ത് ഗാലിബ് ബിൻ അബ്ദുല്ലാഹ് ലൈഥിയെ മീഫ്അയിലേക്ക് അയച്ചതാണ്. ഈ സരിയഃ ഹിജ്റ ഏഴാം വർഷം റമദാൻ മാസത്തിൽ ആയിരുന്നു. ഇബ്നു സഅദ് എഴുതുന്നു: നബി(സ), ഹദ്റത്ത് ഗാലിബിനെ മീഫ്അയിൽ വസിച്ചിരുന്ന ബനൂഅവാൽ, ബനൂ അബ്ദു ബിൻ ഥഅലബ എന്നീ ഗോത്രങ്ങളിലേക്കാണ് നിയോഗിച്ചത്.

ഇവർ മുസ്‌ലിങ്ങൾക്കെതിരെ രഹസ്യമായി പ്രൊപ്പ ഗണ്ട നടത്തി ജനങ്ങളെ ഒരുമിച്ചു കൂട്ടാൻ തുട ങ്ങിയിരുന്നു. അങ്ങനെ അഹ്‌സാബ് പോലുള്ള എന്തെങ്കിലും കാര്യങ്ങൾ ചെയ്തു മുസ്‌ലീങ്ങളെ ആക്രമിക്കാൻ പദ്ധതി ഇടുകയായിരുന്നു. തിരു നബി(സ), ഹദ്റത്ത് ഗാലിബിനെ 130 സ്വഹാബാക്ക ളോടൊപ്പം അയച്ചു. തിരുനബി(സ)യുടെ സ്വതന്ത്ര നാക്കപ്പെട്ട അടിമ യസാർ അവരുടെ വഴികാട്ടിയാ യിരുന്നു. മുസ്‌ലീങ്ങൾ ഒരുമിച്ച് ചേർന്ന് അവരെ നേരിട്ടു. അവരുടെ വാസസ്ഥലങ്ങളുടെ നടുവിൽ വരെയെത്തി. അവരിൽ പോരാടാൻ വന്നവരെ വധി ക്കുകയും അവരുടെ സമ്പത്തും ആടുമാടുകളെയും സമരാജിത സ്വത്തുക്കളായി എടുത്തുകൊണ്ട് മദീ നയിലേക്ക് വന്നു. ആരെയും ബന്ദിയാക്കിയില്ല.

ഇബ്നു സഅദ് എഴുതുന്നു, ഈ സരിയയിലാണ് ഹദ്റത്ത് ഉസാമ ബിൻ സൈദ്(റ.മാ) ലാഇലാഹ ഇല്ല ല്ലാഹ് എന്ന് പറഞ്ഞ മിർദാസ് ബിൻ നഹീഖിനെ വധിച്ചത്. ബുഖാരിയിൽ ഈ സംഭവത്തിന്റെ വിശ ദീകരണത്തിൽ ഹദ്റത്ത് ഉസാമ ബിൻ സൈദ്(റ.മാ) വിവരിക്കുന്നു: നബി(സ) ഈ വാർത്ത കേട്ടപ്പോൾ പറഞ്ഞു: ഉസാമാ! അയാൾ ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞിട്ടും നീ അയാളെ വധിക്കുകയാണോ ചെയ്തത്? ഞാൻ പറഞ്ഞു: അയാൾ രക്ഷപ്പെടു ന്നതിന്‌വേണ്ടി പറയുകയായിരുന്നു. പക്ഷേ തിരു നബി(സ) അത് ആവർത്തിച്ചുകൊണ്ടേയിരുന്നു. എത്രത്തോളമെന്നാൽ ഞാൻ അന്നത്തെ ദിവസ ത്തിനു മുമ്പേ മുസ്‌ലിം ആയിരുന്നില്ലെങ്കിൽ എന്ന് പോലും ചിന്തിച്ചു പോയി. മുസ്‌ലിമിൽ ഈ നിവേ ദനം ഇങ്ങനെ രേഖപ്പെട്ടിരിക്കുന്നു: നിങ്ങൾ അയാൾ ഹൃദയാത്തമനാ പറയുകയാണോ അല്ലയോ എന്നറിയാൻ എന്തുകൊണ്ട് അയാളുടെ ഹൃദയം തുറന്നു നോക്കിയില്ല?

(ഹുസൂർ തിരുമനസ്സ് പറയുന്നു:) എന്നാൽ ഇന്നത്തെ മൗലവിമാർ തങ്ങൾ അഹ്മദികളുടെ ഹൃദയങ്ങൾ തുറന്നു നോക്കിയിട്ടുണ്ട് എന്ന് ധരിച്ചു കൊണ്ട് അഹ്മദികളെ ശഹീദ് ആക്കുകയും അവരെ ദ്രോഹിക്കുകയും ചെയ്യുന്നു. അല്ലാഹു അവരെ പിടികൂടുന്നതിനുള്ള സാഹചര്യങ്ങൾ ഒരു ക്കുമാറാകട്ടെ.

ഒരു നിവേദനമനുസരിച്ച് നബി(സ) മിർദാസിന്റെ കുടുംബക്കാർക്ക് ബ്ലഡ്മണി നൽകാൻ കൽപ്പിക്കു കയും അവരുടെ സമ്പത്തുകൾ അവർക്ക് തന്നെ തിരിച്ചു നൽകുകയും ചെയ്തു. ഹദ്റത്ത് മുസ് ലിഹ് മൗഊദ്(റ) ഈ സംഭവം ഇങ്ങനെ വിവരി ക്കുന്നു: നബി(സ)ന് ഈ യുദ്ധത്തെക്കുറിച്ച് അറി യിപ്പ് നൽകാൻ ഒരാൾ മദീനയിൽ എത്തി. അദ്ദേഹം യുദ്ധത്തിന്റെ എല്ലാ കാര്യങ്ങളും വിവ രിച്ച കൂട്ടത്തിൽ ഈ സംഭവവും കേൾപ്പിച്ചു. അപ്പോൾ തിരുനബി(സ) ഉസാമയെ വിളിച്ചുവരുത്തി അദ്ദേഹത്തോട് ചോദിച്ചു: നീ ഇയാളെ വധി ച്ചുവോ? അദ്ദേഹം പറഞ്ഞു: അതെ. അപ്പോൾ നബി(സ) പറഞ്ഞു: ഖിയാമത്ത് ദിവസം (ഈ) ലാഇ ലാഹ ഇല്ലല്ലാഹ് നിനക്കെതിരെ സാക്ഷ്യം നൽകു മ്പോൾ നീ എന്ത് ചെയ്യും?

(ഹുസൂർ തിരുമനസ്സ് പറയുന്നു:) ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇന്നത്തെ പാക്കിസ് ഥാനിൽ മൗലവിമാരും അവരുടെ ശിങ്കിടികളും സ്വർഗത്തിൽ പോകുന്ന കാര്യങ്ങളാണ് പറയു ന്നത്. അഹ്മദികളെ കൊല്ലുകയാണെങ്കിൽ സ്വർഗ ത്തിൽ പോകാം എന്നു പറയുന്നു. എന്നാൽ അവർ ചെയ്തു കൂട്ടുന്നത് അല്ലാഹുവിന്റെ ശിക്ഷയ്ക്ക് കാരണമാകുന്ന കാര്യങ്ങളാണ്. എപ്പോഴെങ്കിലും അല്ലാഹു അവരെ പിടികൂടുക തന്നെ ചെയ്യും.

മറ്റൊരു സരിയഃ യമനിലേക്കും ജബാറിലേക്കും അയക്കപ്പെട്ട ഹദ്റത്ത് ബശീർ ബിൻ സഅദിന്റെ താണ്. ഈ സരിയ ഏഴാം വർഷം ശവ്വാൽ മാസ ത്തിൽ ആയിരുന്നു. ഗദ്ഫാന്റെ ഒരു സംഘം തിരു നബി(സ)ക്ക് എതിരിൽ സംഘടിക്കുന്നു എന്ന് അറിവ് ലഭിക്കുകയുണ്ടായി. ഉയയ്ന ബിൻ ഹിസ്വൻ നബി(സ)നു എതിരിൽ അവരെ സഹായിക്കാം എന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. തിരു നബി(സ) അതേ സംബന്ധിച്ച് ഹദ്റത്ത് അബൂബ ക്കറിനോടും ഹദ്റത്ത് ഉമറിനോടും(റ.മാ) കൂടിയാ ലോചന നടത്തിയപ്പോൾ അവർ ഹദ്റത്ത് ബശീർ ബിൻ സഅദ്(റ)നെ അയക്കാൻ അഭിപ്രായപ്പെട്ടു. അവസാനം ജബാർ എന്ന പ്രദേശത്ത് എത്തി. ഗത്ഫാൻകാർക്ക് അതേക്കുറിച്ച് അറിഞ്ഞപ്പോൾ തങ്ങളുടെ സമ്പത്തും നാൽക്കാലികളെയും ഉപേ ക്ഷിച്ച് തങ്ങളുടെ നാട്ടിലെ ഉയർന്ന ഇടങ്ങളിൽ അവർ അഭയം പ്രാപിച്ചു. അവരിൽനിന്ന് രണ്ടു പേരെ മാത്രമാണ് പിടികൂടാൻ കഴിഞ്ഞത്. സ്വഹാ ബാക്കൾ അവരെ ബന്ദിയാക്കുകയും ആടുമാടു കളെയും ഒട്ടകങ്ങളെയും കൈക്കലാക്കുകയും ചെയ്തു. അങ്ങനെ ബന്ദികളുമായി മദീനയിലേക്ക് വന്നു. അവിടെ(വെച്ച്) ആ രണ്ട് ബന്ദികളും മുസ് ലിങ്ങളായി. തുടർന്ന് തിരുനബി(സ) അവർ രണ്ടു പേർക്കും തങ്ങളുടെ പ്രദേശത്തേക്ക് തിരിച്ചു പോകാൻ അനുമതി നൽകുകയുണ്ടായി.

ഉംറത്തുൽ ഖദായെ കുറിച്ചും വിവരണം ഉണ്ട്. ഹിജ്റ ഏഴാം വർഷം ദുൽഖഅദ മാസം അതാ യത് 629 ഫെബ്രുവരി മാസത്തിൽ (നബി(സ)) ഉംറ ത്തുൽ ഖദാ നിർവഹിക്കുന്നതിന്‌വേണ്ടി പുറപ്പെട്ടു.

കഴിഞ്ഞവർഷം ഇതേ മാസത്തിൽ തന്നെയായിരുന്നു മക്കയിലെ മുശ്‌രിക്കീങ്ങൾ തിരുനബി(സ)ക്ക് ഉംറ ചെയ്യാൻ തടസ്സം നിന്നത്. ഹുദൈബിയാ എന്ന സ്ഥലത്ത്നിന്ന് തിരിച്ചുവരികയാണ് ഉണ്ടായത്. അങ്ങനെ ഈ ഉംറയുടെ പകരം നിർവഹിക്കുന്നതിനുവേണ്ടി തിരുനബി(സ) പോവുകയുണ്ടായി. ഉംറക്ക്‌വേണ്ടി പുറപ്പെട്ട കാര്യങ്ങളെക്കുറിച്ചുള്ള വിശദീകരണത്തിൽ പറയുന്നു: ഈ ഉംറയിൽ നബി(സ)യോടൊപ്പം 2000 സ്വഹാബാക്കൾ ഉണ്ടായിരുന്നു. ബലി അറുക്കുന്നതിനായി 60 ഒട്ടകങ്ങളും ഉണ്ടായിരുന്നു. തിരുനബി(സ) സ്വഹാബാക്കളുടെ സംഘത്തോടൊപ്പം തൽബിയ ചൊല്ലിക്കൊണ്ട് ഹറമിലേക്ക് നീങ്ങി. ബലി മൃഗങ്ങളെ ദിത്തുവാ എന്ന ഭാഗത്തേക്ക് അയച്ചു. നബി(സ) തന്റെ കുതിരയായ ഖസ്‌വയിലാണ് യാത്ര ചെയ്തിരുന്നത്. തിരുനബി(സ) മസ്ജിദ് ഹറാമിൽ എത്തിയപ്പോൾ ഇദ്തിബാഅ് (اضطباع) ചെയ്തു. അതായത് കൈ പുറത്ത് വരുന്ന വിധത്തിൽ തന്റെ പുതപ്പ് വലത് തോളിലേക്ക് ഇട്ടു. നബി(സ) പറഞ്ഞു: ഈ നിഷേധികൾക്ക് മുമ്പിൽ തങ്ങളുടെ ശക്തി പ്രകടിപ്പിക്കുന്നവർക്ക്മേൽ അല്ലാഹു അനുഗ്രഹം ചൊരിയട്ടെ. പിന്നെ നബി(സ) തന്റെ സ്വഹാബാക്കളോടൊപ്പം മൂന്ന് പ്രാവശ്യം തങ്ങളുടെ തോളുകൾ കുലുക്കി വളരെ ആഭിജാത്യത്തോടുകൂടി തവാഫ് ചെയ്തു.

ഈ സന്ദർഭവത്തിൽ തിരുനബി(സ) ഹദ്റത്ത് മൈമൂനയുമായി വിവാഹം നടത്തിയതിന്റെ വിശദീകരണവും ഉണ്ട്. തിരുനബി(സ) മൂന്നു ദിവസമാണ് മക്കയിൽ തങ്ങിയത്. നാലാം ദിവസം മക്കക്കാരുടെ ആവശ്യ പ്രകാരം തിരുനബി(സ) സ്വഹാബാക്കളുമായി മക്കയിൽനിന്ന് പുറപ്പെട്ടു.

ഈ യാത്രയിൽ ഹദ്റത്ത് ഹംസ(റ)ന്റെ മകളുടെ ഒരു സംഭവവും വരുന്നുണ്ട്. തിരുനബി(സ) മക്കയിൽനിന്ന് പുറപ്പെടുമ്പോൾ ഹദ്റത്ത് ഹംസ(റ)ന്റെ മകൾ, അല്ലയോ എന്റെ പിതൃവ്യാ എന്ന് വിളിച്ചുപറഞ്ഞുകൊണ്ട് പിന്നാലെ വന്നു. അപ്പോൾ ഹദ്റത്ത് അലി(റ) അവരുടെ കൈ പിടിക്കുകയും ഹദ്റത്ത് ഫാത്തിമ(റ)യോട് തന്റെ പിതൃവ്യപുത്രിയെ ഏറ്റെടുക്കാൻ പറയുകയും ചെയ്തു. അവർ അവർക്ക് സവാരി ഏർപ്പാടാക്കി. ഹദ്റത്ത് അലിയും ഹദ്റത്ത് ജഅ്ഫറും ഹദ്റത്ത് സൈദും(റ) തമ്മിൽ അവരെ സംബന്ധിച്ച് തർക്കിച്ചുകൊണ്ടിരുന്നു. അവസാനം നബി(സ) എളാമയുടെ പക്ഷത്തിലാണ് തീരുമാനം കൽപ്പിച്ചത്. എന്നിട്ട് പറഞ്ഞു: എളാമ ഉമ്മയുടെ സ്ഥാനത്ത് ആകുന്നു. ഹദ്റത്ത് അലി(റ) പറഞ്ഞു: അങ്ങ് ഹദ്റത്ത് ഹംസ(റ)ന്റെ മകളെ വിവാഹം കഴിക്കുകയില്ലേ? നബി(സ) പറഞ്ഞു: അവൾ എന്റെ മുലകുടി ബന്ധത്തിലുള്ള സഹോദരന്റെ മകളാണ്. അവരുമായി എനിക്ക് വിവാഹം സാധ്യമല്ല. നബി(സ) ദുൽഹിജ്ജ മാസം മദീനയിലേക്ക് തിരിച്ചു വരികയും ചെയ്തു.

അടുത്ത സരിയയെ അഖ്‌റം ബിൻ അബി ഔജ (اخرم ابن ابی عوجاء)യുടെ നേതൃത്വത്തിൽ ബനു സുലൈമിലേക്കാണ് അയച്ചത്. ഇത് ഹിജ്റ ഏഴാം വർഷം ദുൽഹിജ്ജ മാസത്തിലാണ് പോയത്. തിരുനബി(സ) അഖ്റമിനെ 50 ആളുകളോടൊപ്പം മദീനക്ക് അടുത്ത് താമസിക്കുന്ന ബനൂസുലൈം ഗോത്രത്തിലേക്ക് അയച്ചു. ബനൂസുലൈമിലെ ഒരു ചാരൻ അഖ്റമിന്റെ കൂടെയുണ്ടായിരുന്നു. അയാൾ വേഗം പോയി തന്റെ ജനതയെ ജാഗ്രതപ്പെടുത്തുകയുണ്ടായി. അവർ ഒരു വലിയ സൈന്യത്തെ സ്വരുക്കൂട്ടി. ഹദ്റത്ത് അഖ്‌റം അവരുടെ അടുത്തെത്തിയപ്പോൾ ബനുസുലൈം യുദ്ധത്തിന് തയ്യാറായിരുന്നു. അദ്ദേഹം അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചപ്പോൾ അവർ അത് നിരാകരിച്ചു. അതിനുശേഷം രണ്ടുഭാഗത്തുനിന്നും അമ്പെയ്ത്ത് ആരംഭിച്ചു. ഇതിനിടയിൽ ബനൂസുലൈമിന് വേണ്ടി കൂടുതൽ സൈനിക സംഘങ്ങൾ എത്തി. അവർ മുസ്‌ലീങ്ങളെ എല്ലാ ഭാഗത്തുനിന്നും വലയം ചെയ്തു. മുസ്‌ലീങ്ങൾ വളരെ ശക്തമായി യുദ്ധം ചെയ്തു. അതേ തുടർന്ന് മുസ്‌ലിംകളിലെ ഭൂരിഭാഗം ആളുകളും ശഹീദായി. അഖ്റമും മരണപ്പെട്ടവരുടെ കൂട്ടത്തിൽ സാരമായി പരിക്കേറ്റു വീണു. പിന്നെ ഹിജ്റ എട്ടാം വർഷം സഫർ മാസം ഒന്നാം തീയതി തിരുനബി(സ)യുടെ അടുക്കൽ എത്തി.

മറ്റൊരു സരിയഃ ഹദ്റത്ത് ഗാലിബ് ബിൻ അബ്ദുല്ലാഹ് ലൈഥിയുടെ നേതൃത്വത്തിൽ ഖദീദിലേക്ക് നിയോഗിക്കപ്പെട്ടതിനെ സംബന്ധിച്ച വിവരണമാണ്. തിരുനബി(സ), അദ്ദേഹത്തെ ഹിജ്റ 8ാം വർഷം സഫർ മാസത്തിൽ ഖദീദിൽ വസിച്ചിരുന്ന ബനൂലൈഥിന്റെ ശാഖയായ ബനൂമുലൂഹിലേക്ക് അയക്കുകയുണ്ടായി. ഇതിൽ മുസ്‌ലീങ്ങളുടെ കോഡ് ഭാഷ അമിത്ത് അമിത്ത് എന്നായിരുന്നു.

ഈ സരിയയുടെ കുറച്ച് കാര്യങ്ങൾ വിവരിച്ച ശേഷം ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഇനിയും ഈ സംഭവങ്ങൾ തുടരുന്നതാണ്. ഈ സമയത്ത് പാക്കിസ്ഥാനിലെ അഹ്മദികൾക്ക് വേണ്ടി ഞാൻ പ്രത്യേകം ദുആക്ക് പറയാൻ ആഗ്രഹിക്കുന്നു. ഞാൻ പറഞ്ഞു വന്നത്പോലെ സ്വലാത്ത് ചൊല്ലുന്നതിലേക്കും ശ്രദ്ധയുണ്ടാകണം. അത് 200 തവണ ചൊല്ലുക. سُبْحَانَ اللهِ وَبِحَمْدِهٖ سُبْحَانَ اللهِ الْعَظِيْمِ

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّ اٰلِ مُحَمَّدٍ

ഈ സമയത്ത് ഇതിലേക്ക് പരമാവധി ശ്രദ്ധ കൊടുക്കുക. നമ്മൾ ദുആ യഥാവിധി ചെയ്യുകയാണെങ്കിൽ ദുആയിലേക്ക് ശ്രദ്ധിക്കുകയാണെങ്കിൽ മാത്രമേ വിജയം കൈവരിക്കാൻ കഴിയുകയുള്ളൂ. കഴിയുന്നത്ര അതിലേക്ക് ശ്രദ്ധ കൊടുക്കുക. വേണ്ടത്ര ശ്രദ്ധ അതിലേക്ക് കൊടുക്കുന്നില്ല. ചില ആളുകൾ പറയുന്നു, അല്ലെങ്കിൽ എഴുതുന്നു; വെറും ദുആകൊണ്ട് ഒരു കാര്യവുമില്ല. എന്തെങ്കിലും ചെയ്യേണ്ടിയിരിക്കുന്നു. നമ്മൾ എന്താണ് ചെയ്യുക? നമ്മുടെ ആയുധം ദുആകൾ മാത്രമാണ്. അത് (ഞാൻ) പല തവണ വിവരിച്ചതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികളും കേൾപ്പിച്ചതാണ്. ദുആ കൊണ്ട് ഒന്നും സാധ്യമാകില്ല എന്നത് തികച്ചും തെറ്റായ ചിന്താഗതിയാണ്. ദുആകൾ തന്നെയാണ് നമ്മുടെ വിജയത്തിനുള്ള ഒറ്റമൂലി. അല്ലാഹു എല്ലാവർക്കും അതിനുള്ള സൗഭാഗ്യം നൽകുമാറാകട്ടെ. നമുക്ക് യഥാവിധി ദുആ ചെയ്യാൻ കഴിയുമാറാകട്ടെ.

ദുആ കൊണ്ട് ഒന്നും സാധ്യമാകില്ലെന്നും പറഞ്ഞുകൊണ്ട് ദുആ ചെയ്യാതിരിക്കുകയാണെങ്കിൽ അത് നമ്മൾ അല്ലാഹുവിനോട് ചെയ്യുന്ന തെറ്റായ പരിഭവമാണ്. ആയതിനാൽ ഇതേക്കുറിച്ച് നമ്മൾ ഇസ്തിഗ്ഫാറും ചെയ്യേണ്ടതാണ്.

ഇന്ന് കറാച്ചിയിൽ ഒരു സംഭവം ഉണ്ടായിട്ടുണ്ട്. ഇസ്‌ലാമിന്റെ പേരിൽ ഉഗ്രവാദികൾ, ഇവർ തീവ്രവാദികൾ തന്നെയാണ്, നമ്മുടെ ഒരു മസ്ജിദ് ആക്രമിക്കുകയും ഒരു അഹ്മദിയെ ശഹീദാക്കുകയും ചെയ്തിരിക്കുന്നു. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. വിശദാംശങ്ങൾ ഇപ്പോൾ കിട്ടിയിട്ടില്ല. വരുമ്പോൾ അതും ഇൻശാ അല്ലാഹ് വിവരിക്കുന്നതാണ്. അല്ലാഹു ഈ ദ്രോഹികളെ പിടിക്കുന്നതിന് എത്രയും വേഗം സംവിധാനം ഉണ്ടാക്കുമാറാകട്ടെ.

* * * * * * *

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ ـ وَ نَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَ نَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ ـ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ـ

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 18.04.2025
Malayalam Translation: **Moulavi H. Shamsuddin Kavassery**
Typing & Layout: **Moulavi T. Jamshad Mukkam**, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516